# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം: ഡോ.അമീറ സലാഹുദീൻ, അസിസ്റ്റന്റ് ഡെന്റൽ സർജൻ - പരിവീക്ഷാ കാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ 13/08/2026-ലെ 2968/2026 നമ്പർ കത്ത്.

2) 27/05/2023-ലെ തിരുവനന്തപുരം KPSC സെക്രട്ടറിയുടെ നിയമന ശിപാർശ കത്ത് നമ്പർ RIE(3) 7654/21/GW

3) 15/07/2023-ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ നിയമന ഉത്തരവ് നമ്പർ EA 3-10459/2023/DHS

4) 17/03/2026-ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ നിയമനം ക്രമപ്പെടുത്തിയ ഉത്തരവ് നമ്പർ DHS/11064/2025-EB4

5) 23/07/2026-ലെ അക്കൌണ്ടൻറ് ജനറലിന്റെ കത്ത് നമ്പർ : GE03/A/1094343

<u>ഉത്തരവ് നമ്പർ :DHS/18316/2026-EB4 തീയതി :26-09-2026</u>

കുന്നംകുളം താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ ആയ ഡോ.അമീറ സലാഹുദീൻ (PEN: 956842)-ന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായുള്ള അപേക്ഷ പരാമർശം (1) പ്രകാരം സമർപ്പിച്ചിരിക്കുന്നു.

ഡോ.അമീറ സലാഹുദീൻ 24/7/2023 പൂർവാഹ്നത്തിൽ ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിൽ പ്രവേശിച്ചു. തുടർന്ന് 178-ദിവസം പഠനാവധിയിൽ പ്രവേശിച്ചതിന് ശേഷം 19/01/2024-ൽ തിരികെ ജോലിയിൽ പ്രവേശിച്ചതിനാൽ ടി തീയതി മുതൽ പുതിയ പ്രവേശകനായി

കണക്കാക്കിയാണ് പരാമർശം (4) പ്രകാരം റെഗുലറൈസ് ചെയ്തിട്ടുള്ളത്.

2) പരാമർശം (5) പ്രകാരം എ ജി യിൽ നിന്നും ലഭ്യമായിട്ടുള്ള സർവീസ്/ലീവ് വിശദാംശങ്ങൾ പ്രകാരം ഡോ.അമീറ സലാഹുദീൻ 19/01/2024-പൂർവാഹനത്തിൽ തിരികെ ജോലിയിൽ പ്രവേശിച്ചതിനാൽ ടി തീയതി മുതൽ പുതിയ പ്രവേശകനായി കണക്കാക്കുകയും, പ്രൊബേഷൻ കാലയളവിൽ അയോഗ്യ കാലമായി പരിഗണിക്കേണ്ട അവധികൾ എടുത്തിട്ടില്ലാത്തതായും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ 18/01/2026 അപരാഹ്നത്തിൽ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കുന്നതായി കാണുന്നു. ടി ഡോക്ടർ 2025-ൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായിട്ടുണ്ട്. ഡോ.അമീറ സലാഹുദീൻ, പി.എഫ്, എസ് എൽ ഐ, ജി.ഐ.എസ്, എൻ.പി.എസ് എന്നിവയിൽ അംഗത്വം നേടിയിട്ടുണ്ട്. പ്രൊബേഷൻ കാലയളവിൽ ടിയാന്റെ ജോലിയും സ്വഭാവും നല്ലതായിരുന്നു എന്ന് മേലധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ ഡോ.അമീറ സലാഹുദീൻ, അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിൽ 19/01/2026 പൂർവാഹ്നം പ്രാബല്യത്തിൽ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

Digitally signed by
Meenakshy V
Date: 26-09-2026
14:41:09

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:

ഡോ.അമീറ സലാഹുദീൻ, അസിസ്റ്റന്റ് ഡെന്റൽ സർജൻ,താലൂക്ക് ആശുപത്രി, കുന്നംകുളം.

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശൂർ.
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കുന്നംകുളം, തൃശൂർ.